പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2647

09.05.2017 - ൽ
മറുപടിക്ക്

**കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി**

| ചോദ്യം<br>ശ്രീ. ആർ.രാജേഷ് | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കേരളത്തിലെ ഏക കാർഷിക എഞ്ചിനീയറിംഗ് കോളേജായ തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | എ) ബി.ടെക് (അഗ്രി. എഞ്ചിനീയറിംഗ്)<br>ബി.ടെക് (ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി)<br>എം.ടെക് (അഗ്രി. എഞ്ചിനീയറിംഗ്)<br>പി.എച്ച്.ഡി (അഗ്രി. എഞ്ചിനീയറിംഗ്) |
| ബി) പ്രസ്തുത കോളേജിലെ ബിടെക് ഫുഡ് എഞ്ചിനീയറിംഗ് കോഴ്സിന് പി.എസ്.സി. അംഗീകാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>സി) പി.എസ്.സി. അംഗീകാരം ലഭിക്കാത്തതിനാൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്ക് നിയമന സാധ്യത ഇല്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പി.എസ്.സി. അംഗീകാരത്തിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ബി) & സി) ബിടെക് ഫുഡ് എഞ്ചിനീയറിംഗ് അടക്കമുള്ള ബിരുദങ്ങൾ സർക്കാരിലെ വിവിധ തസ്തികകൾക്ക് ആവശ്യമായ അടിസ്ഥാന യോഗ്യതയായി അംഗീകരിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് കേരള കാർഷിക സർവ്വകലാശാല ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) ഈ കോഴ്സിന്റെ പേര് ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി എന്ന് മാറ്റുന്നതിലൂടെ ബിടെക് ഫുഡ് എഞ്ചിനീയറിംഗ് കോഴ്സ് പാസ്സായവർക്ക് അവസരങ്ങൾ നഷ്ടമാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഡി) ഇല്ല. |
| ഇ) ഈ കോഴ്സിന്റെ ഫീസ് ഏകീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | ഇ) ബി.ടെക് (ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി) Cost Sharing Course ആണ്. ആയതുകൊണ്ട് ഫീസ് ഏകീകരണം സംബന്ധിച്ച നടപടികൾ ഒന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ